# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പക്ഷിപ്പനി പ്രതിരോധ നടപടികൾ - കൊല്ലം നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം. 377/2015/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 05.02.2015.

---

പരാമർശം:-

1. സ.ഉ.(സാധാ.) 3078/2014/തസ്വഭവ തീയതി: 25.11.2014.
2. സ.ഉ.(സാധാ.) 3269/2014/തസ്വഭവ തീയതി: 10.12.2014.
3. കൊല്ലം കോർപ്പറേഷൻ മേയറുടെ 28.11.2014-ലെ എച്ച്$_2$-61303/14 നമ്പർ കത്ത്.
4. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 08.01.2015-ലെ ഇ$_1$-68/2015 നമ്പർ കത്ത്.

## ഉത്തരവ്

കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിലെ ഇരവിപുരം, കിളികൊല്ലൂർ മേഖലകളിൽ വളർത്തുപക്ഷികൾ ചത്തൊടുങ്ങുന്നതായി റിപ്പോർട്ട് ചെയ്തിട്ടുള്ളതായും ചത്ത പക്ഷിയുടെ സാമ്പിൾ പരിശോധനയ്ക്ക് അയച്ചിട്ടുള്ളതായും പരിശോധന ഫലം ലഭിക്കുമ്പോൾ അത് പക്ഷിപനിയാണെന്ന് സ്വീകരിക്കുന്ന പക്ഷം അടിയന്തിര പ്രതിരോധ പ്രവർത്തനങ്ങൾ, ചാകുന്ന പക്ഷികളെ കത്തിച്ചു കളയൽ, ശുചീകരണ ഉപകരണങ്ങൾ /, സാമഗ്രികൾ എന്നിവ അടിയന്തിര ആവശ്യം പരിഗണിച്ച് വാങ്ങുന്നതിന് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിനുള്ള യഥേഷ്ടാനുമതിയാണ് പരാമർശം (3) ലെ ആവശ്യം.

ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ പിടിപെട്ട പക്ഷിപ്പനി തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും ടി ആവശ്യത്തിന് തുക ചെലവഴിക്കുന്നതിനും ടി ജില്ലകളിലെ ഗ്രാമ പഞ്ചായത്തുകൾ / നഗരസഭകൾ എന്നിവ ഒരു ലക്ഷം രൂപ വരെ ചെലവഴിക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകിയിരുന്നു.

പരാമർശം (1), (2) ഉത്തരവുകളിൽ നിഷ്കർഷിച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കും നിബന്ധനകൾക്ക് വിധേയമായി പ്രത്യേകിച്ച് മറ്റ് വകുപ്പുകൾക്ക് ധനവിനിയോഗം നടത്താൻ കഴിയാത്തതും എന്നാൽ ആവശ്യം വരുന്നതുമായ ചെലവുകൾക്ക് കൊല്ലം നഗരസഭാ പരിധിയിൽ പക്ഷിപ്പനി രോഗം സ്ഥിരീകരിക്കുന്ന പക്ഷം നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും പക്ഷിപ്പനി പ്രതിരോധ / ശുചീകരണ പ്രവർത്തനങ്ങൾക്കായി പരമാവധി ഒരു ലക്ഷം രൂപ വരെ ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(….2)

ചെലവുകളുടെ വിശദാംശങ്ങൾ കോർപ്പറേഷൻ കൗൺസിൽ അംഗീകരിക്കേണ്ടതും വാർഡ് സഭകളിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
പി.റംലത്ത്,
ഡെപ്യൂട്ടി സെക്രട്ടറി.

മേയർ / സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കൊല്ലം.
ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ.&എ), തിരുവനന്തപുരം.
മൃഗസംരക്ഷണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ